# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2578 19.03.2015 - ൽ മറുപടിക്ക്

## കുടിവെള്ള ക്ഷാമത്തിന് പരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മിക്ക ജില്ലകളിലും കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ ജല അതോറിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) ധനലഭ്യതയ്ക്കനുസൃതമായി താഴെ പറയുന്ന നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.<br>2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ.<br>3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.<br>4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.<br>5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ്ലൈനുകൾ നീട്ടുക.<br>6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക.<br>7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചു വിടുകയും ചെയ്യുക.<br>8. ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും കുഴൽ കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.<br>വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളം നൽകുക മുതലായവ. |

| | | |
|---|---|---|
| (ഡി) | ആയതിനുവേണ്ടി തദ്ദേശ ഭരണ (സി) സ്ഥാപനങ്ങളെ സഹകരിപ്പിച്ചുകൊണ്ട് ജല അതോറിറ്റി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുമെന്ന് അറിയിക്കുമോ? | കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ പ്രധാനമായും പുഴകളെയും തടയണകളെയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. അവയുടെ സംരക്ഷണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജലസേചനവകുപ്പിനുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടുകൂടി അധിക ജലവിതരണം സാധ്യമായ പദ്ധതികളിൽ നിന്നും പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ നടത്തി ജലവിതരണം നടത്തുക, പുതിയ സ്രോതസ്സുകൾ കണ്ടെത്തി നിലവിലുള്ള പദ്ധതികളുമായി യോജിപ്പിക്കുക, പുതിയ പൊതു ടാപ്പു സ്ഥാപിക്കൽ, തദ്ദേശ സ്ഥാപന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ലീക്കുകൾ അടിയന്തിരമായി റിപ്പയർ ചെയ്തു പരിഹരിക്കൽ, ജല മോഷണം, പൊതു ടാപ്പ് ദുരുപയോഗം തടയൽ എന്നീ കാര്യങ്ങളിൽ പഞ്ചായത്തുമായി സഹകരിച്ച് നടപ്പാക്കാറുണ്ട്.<br><br>വരൾച്ച പ്രതിരോധിക്കുന്നതിനായി ജലസ്രോതസ്സുകളിലെ ജലവിതാനം കുറയുന്നത് തടയുന്നതിന് വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ജലവിതരണ പദ്ധതി പ്രദേശങ്ങളുടെ സ്രോതസ്സുകളിൽ ജലവിതാനം ഉയർത്തുന്നതിന് വേണ്ടി തടയണ നിർമ്മാണം, സ്രോതസ്സുകളിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യൽ, ഇൻഫിൽട്രേഷൻ ഗാലറി ശുദ്ധീകരണം എന്നീ പ്രവൃത്തികൾ ധനലഭ്യതയ്ക്കനുസൃതമായി സമയബന്ധിതമായി പഞ്ചായത്തുമായി ആലോചിച്ച് ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ